Sectt. 3/45/2010/5 lakhs GPM. © Govt. of Kerala.

GOVERNMENT OF KERALA

നം. 33178/എഫ്എം3/2011/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (എഫ്എം) വകുപ്പ്,
തിരുവനന്തപുരം, തീയതി: 06.08.2011.

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ എസ്.ഇ.യു.എഫ്-ന്റെ ജീവധാര കുടിവെള്ള പദ്ധതി നടപ്പിലാക്കിയപ്പോൾ ബാക്കി വന്ന ധനത്തിന്റെ വിനിയോഗം - സംബന്ധിച്ച്.

സൂചന:- 1) ധനകാര്യ (ബഡ്ജറ്റ് വിങ്ങ് - ജെ) വകുപ്പിന്റെ 29.06.2011-ലെ 50111/ബി.ഡബ്ല്യു.ജെ1/2011/ധന. നമ്പർ അനൗദ്യോഗിക കുറിപ്പ്.
2) ബൈസൺവാലി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 24.06.2011-ലെ എ-1580/2011 നമ്പർ കത്ത്.
3) സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ 18.07.2011-ലെ എസ്.ഇ.യു.എഫ്/ഇ.ഡി./11/243 നമ്പർ റിപ്പോർട്ട്.

ഇടുക്കി, ആലപ്പുഴ ജില്ലകളിൽ ജീവധാര പദ്ധതി നടപ്പാക്കിയപ്പോൾ ഗ്രാമ പഞ്ചായത്തുകളുമായുള്ള ധാരണ പ്രോജക്ട് ഫണ്ടിൽ മിച്ചമായി വരുന്ന തുക എസ്.ഇ.യു.എഫ്-ന്റെ അനുമതിയോടെ പഞ്ചായത്തുകൾ തയ്യാറാക്കുന്ന പ്ലാനും എസ്റ്റിമേറ്റും പ്രകാരം കുടിവെള്ള / ശുചിത്വ പദ്ധതികൾക്കായി അതേ പഞ്ചായത്തിൽ വിനിയോഗിക്കാമെന്നതാണ്. എന്നാൽ ചില പഞ്ചായത്തുകൾ ഇപ്പോൾ താല്പര്യപ്പെടുന്നത് തനത് ഫണ്ടിലേയ്ക്ക് വകമാറ്റണമെന്നാണ്. ഇത് അഭിലഷണീയമായ കാര്യമല്ല. എന്നാൽ പഞ്ചായത്തുകളുടെ പ്രത്യേക അഭ്യർത്ഥന പരിഗണിച്ച് പ്രോജക്ട് പൂർത്തിയാക്കി മിച്ചമായി വന്നതിന്റെ 50% തുക തനത് ഫണ്ടിലേയ്ക്ക് മാറ്റാവുന്നതും ബാക്കിയുള്ള 50% തുക എസ്.ഇ.യു.എഫ്-ന് തിരിച്ചു നൽകേണ്ടതുമാണ്. എസ്.ഇ.യു.എഫ്-ന് തിരിച്ച് നൽകുന്ന തുകയിൽ ആഡിറ്റിംഗിനും അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനും ആവശ്യമായ 10,000/- രൂപ കഴിച്ചു ബാക്കി വരുന്ന തുക പഞ്ചായത്ത് നിർദ്ദേശിക്കുന്ന ഒരു ശുചിത്വ / കുടിവെള്ള പദ്ധതി അതേ പഞ്ചായത്തിൽ തന്നെ നടപ്പിലാക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്. എസ്.ഇ.യു.എഫ്-ലെ എഞ്ചിനീയർമാർ പ്രസ്തുത പദ്ധതിയുടെ സാങ്കേതിക സാധ്യത പരിശോധിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതാണ്. ടി പഞ്ചായത്തുകൾ തനത് ഫണ്ടിലേക്കുള്ള ചെക്കും എസ്.ഇ.യു.എഫ്-ന് ശുചിത്വ / കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനുള്ള ചെക്കും തയ്യാറാക്കുന്നതിനുമുമ്പായി എസ്.ഇ.യു.എഫ്-ന്റെ ഉദ്യോഗസ്ഥർ കണക്കു പരിശോധിച്ച് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ളതായുള്ള അനുമതി നൽകേണ്ടതാണ്. കണക്ക് പരിശോധിക്കുന്നതിനായി എസ്.ഇ.യു.എഫ്-ലെ ആഡിറ്റ് അംഗങ്ങൾ എത്തുന്നതിന് സൗകര്യപ്രദമായ ഒരു ദിവസം എസ്.ഇ.യു.എഫ്-നെ പഞ്ചായത്ത് അറിയിക്കേണ്ടതാണ്.

ഈ മാനദണ്ഡം ജീവധാര പദ്ധതി നടപ്പിലാക്കി കഴിഞ്ഞതും പ്രോജക്ട് ഫണ്ട് മിച്ചമുള്ളതുമായ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ബാധകമാണ്. ടി പഞ്ചായത്തുകൾ മേൽ വിവരിച്ചിരിക്കുന്ന രീതിയിൽ മിച്ചം വന്ന ഫണ്ട് വിനിയോഗം ചെയ്യേണ്ടതാണ്.

ജെയിംസ് വർഗ്ഗീസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, എസ്.ഇ.യു.എഫ്, വെള്ളയമ്പലം, തിരുവനന്തപുരം.

സെക്രട്ടറി, ബൈസൺവാലി ഗ്രാമ പഞ്ചായത്ത്.

ഇടുക്കി, ആലപ്പുഴ ജില്ലകളിലെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക്.

(പഞ്ചായത്ത് ഡയറകടർ മുഖേന.)

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

ധനകാര്യ വകുപ്പ്.

ജില്ലാ പെർഫോമൻസ് ആഡിറ്റ് ആഫീസർ, ഇടുക്കി / ആലപ്പുഴ.

സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.